ഉത്തരം

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ 1998-99 വാർഷിക പദ്ധതി ആരംഭിച്ചത് 30.6.98-നു ശേഷമാണ്. അതിനാൽ 30.6.98 വരെ ചെലവ് ഉണ്ടായിട്ടില്ല.

(ബി)-(ഡി) സംസ്ഥാനത്തെ 1214 തദ്ദേശഭരണ സ്ഥാപനങ്ങൾ ചെലവഴിച്ച തുകയുടെ സമാഹൃത വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ഇ) ചെലവഴിക്കാൻ കഴിയാത്ത തുക അതാത് തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ ജനറൽ പി.ഡി. അക്കൗണ്ടിൽ നിക്ഷേപിക്കാൻ ഉത്തരവ് നൽകിയിട്ടുണ്ട്.

(എഫ്) നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം കുറവ് വരുത്തുന്നതാണ്.

(ജി) ജനകീയാസൂത്രണ പദ്ധതി പ്രകാരം അനുവദിച്ച തുകയുടെ 75 ശതമാനം തുകയിൽ എത്ര കുറച്ചാണോ യഥാർത്ഥത്തിൽ ചെലവഴിച്ചത് അത്രയും തുക അടുത്ത വർഷത്തിലെ പദ്ധതിവിഹിതത്തിന്റെ ആദ്യഗഡുവിൽ കുറവ് ചെയ്യുന്നതാണ്.

**41 (1792) ഗ്രാമപഞ്ചായത്തുകളുടെ ചെലവുകൾക്ക് സർക്കാർ അനുമതി വേണമെന്ന നിബന്ധന**

ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളുടെ അയ്യായിരം രൂപയിൽ കവിയുന്ന ചെലവുകൾക്ക് സർക്കാരിന്റെ അനുമതി വാങ്ങണമെന്ന നിബന്ധന കാലവിളംബവും ബുദ്ധിമുട്ടുകളും ഉണ്ടാക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതന്വേഷിക്കുമോ?

ഉത്തരം

(എ)&(ബി) കേരള പഞ്ചായത്ത്‌രാജ് ആക്ടിൽ പഞ്ചായത്തിന്റെ ചുമതലകളുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് സർക്കാരിന്റെ അനുമതി കൂടാതെ തന്നെ ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി തുകയുടെ പരിധിയില്ലാതെതന്നെ പഞ്ചായത്തിനു ചെലവു ചെയ്യാവുന്നതാണ്. അതേ സമയം കണ്ടിജന്റ് ചെലവുകൾക്ക് പരിധി നിശ്ചയിച്ചിട്ടുണ്ട്.

**42 (1793) ജനകീയാസൂത്രണ പദ്ധതി പ്രകാരം ആട്, കോഴി എന്നിവയുടെ വിതരണത്തിന് ചെലവായ തുക**

ശ്രീമതി കെ.ആർ ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

1997-98, 1998-99 സാമ്പത്തികവർഷങ്ങളിൽ ജനകീയാസൂത്രണ പദ്ധതി പ്രകാരം ആട്, കോഴി എന്നിവ വിതരണം ചെയ്യുന്നതിന് എന്ത് തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly